പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1986 06.07.2015-ൽ മറുപടിക്ക്

## വള്ളിക്കാപ്പറ്റയിൽ ബസ്സുകൾക്ക് സ്റ്റോപ്പ്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.എ. അഹമ്മദ് കബീർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിലെ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ. ടി.സി. യുടെ ടി.ടി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി ഏതാനും ദീർഘദൂര ടൗൺ ടു ടൗൺ സർവ്വീസുകളാണ് നടത്തി വരുന്നത്. കുറഞ്ഞ ചിലവിൽ കുറഞ്ഞ സമയം കൊണ്ട് യാത്രക്കാർക്ക് ദീർഘദൂര യാത്ര തരപ്പെടുത്തുക എന്നതാണ് ടൗൺ ടു ടൗൺ സർവ്വീസുകൊണ്ട് കെ.എസ്.ആർ. ടി.സി ഉദ്ദേശിക്കുന്നത്. ടി സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് യാത്രക്കാരുടെ എണ്ണം കുറയുന്നതിനും അതുവഴി കെ.എസ്.ആർ.ടി.സി.ക്ക് വരുമാന നഷ്ടത്തിനും ഇടയാകുന്നുണ്ട്. ആയതിനാൽ വള്ളിക്കാപ്പറ്റയിൽ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് ഇപ്പോൾ സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയില്ല. |
| (ബി) | എങ്കിൽ വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ